**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2511** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ നാലുവർഷക്കാലമായി ആരംഭിച്ച ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ (സ്വകാര്യ മേഖല ഉൾപ്പെടെ ) ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ 4 വർഷക്കാലമായി ആരംഭിച്ച ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങളുടെ സ്വകാര്യ മേഖല ഉൾപ്പെടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>ക്രമ നം \| ജില്ല \| സംരംഭങ്ങളുടെ എണ്ണം<br>1 \| തിരുവനന്തപുരം \| 36312<br>2 \| കൊല്ലം \| 29417<br>3 \| പത്തനംതിട്ട \| 9218<br>4 \| ആലപ്പുഴ \| 23140<br>5 \| കോട്ടയം \| 20806<br>6 \| ഇടുക്കി \| 11224<br>7 \| എറണാകുളം \| 35833<br>8 \| തൃശ്ശൂർ \| 31787<br>9 \| പാലക്കാട് \| 31260<br>10 \| മലപ്പുറം \| 33209<br>11 \| കോഴിക്കോട് \| 26788<br>12 \| വയനാട് \| 9971<br>13 \| കണ്ണൂർ \| 27685<br>14 \| കാസർഗോഡ് \| 12796 |
| (ബി) | ഈ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും ഏതെല്ലാമാണെന്ന് ജില്ലയും സംരംഭങ്ങളും തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 4 വർഷക്കാലമായി മേൽ പ്രസ്താവിക്കപ്പെട്ട സംരംഭങ്ങൾക്ക് ചുവടെ പറയുന്ന രൂപത്തിൽ വിവിധ പദ്ധതികളിൽപ്പെടുത്തി വിവിധ രൂപത്തിലുള്ള സാമ്പത്തിക സാമ്പത്തികേതര സഹായങ്ങളും നൽകിയിട്ടുണ്ട്.<br><br>2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾ ആരംഭിച്ച് കൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണ ത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8,422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br>ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭക വർഷം 2.0 എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 13വരെയുള്ള കാലയളവിൽ 1 ലക്ഷം പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെട്ടു. തുടർച്ചയായ രണ്ടാംവർഷവും സംസ്ഥാനത്തു ഒരുലക്ഷത്തിൽപ്പരം സംരംഭംങ്ങൾ രൂപീകരിച്ചു കൊണ്ട് വ്യവസായ വകുപ്പ് അഭിമാന നേട്ടം കൈവരിച്ചു.<br><br>2023 ഏപ്രിൽ 1 മുതൽ മാർച്ച് 13 വരെയുള്ള 348 ദിവസത്തെ കാലയളവിലാണ് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എന്ന അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുന്നത്; ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6716കോടി രൂപയുടെ നിക്ഷേപവും 2,09,877പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>പദ്ധതിയുടെ 2 വർഷത്തെ കാലയളവിൽ കേരളത്തിൽ 2,43,436 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 15470കോടി രൂപയുടെ നിക്ഷേപവും 5,18,231പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |

പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. അവ താഴെ പറയുന്നു.

1. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ പ്രയോജന പ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും 1153പ്രൊഫഷണലുകളെ നിയമി ച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ചു. ഒരു തദ്ദേശ സ്ഥാപന തലത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സ്ഥാപനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ലക്ഷ്യവും നൽകിയിട്ടുണ്ട്.
2. സംസ്ഥാനത്ത് 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.
3. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതി നായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു.
4. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിരുന്നു.
5. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.
6. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു.
7. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.
8. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം വഴി 10 ഏക്കറിന് മുകളിൽ സ്ഥലവിസ്തൃതി കൈവശമുള്ള സ്വകാര്യമേഖലയിലുള്ള വ്യവസായികൾക്ക് വ്യവസായപാർക്കുകൾ ആരംഭിക്കാനുള്ള പെർമിറ്റ് നൽകി തുടങ്ങി.
9. കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ1000) ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.
10. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻവേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. ഇതുവരെ 2301 അപേക്ഷകൾ ലഭിക്കുകയും, 1089 അപേക്ഷകൾക്ക് അനുമതി നൽകുകയും 822അപേക്ഷകൾക്കുള്ള തുക വിതരണം ചെയ്യുകയും ചെയ്തു.
11. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉത്പ്പന്നങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതാത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product -OLOP)എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 400 ൽ പരം തദ്ദേശസ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞു.
12. കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ / നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾ/ സേവനങ്ങൾക്ക് അന്താരാഷ്ട്രവിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് "കേരളാബ്രാൻഡ്". ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസായിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് "MADE IN KERALA എന്ന സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചു കൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. വെളിച്ചെണ്ണയാണ് കേരള ബ്രാൻഡ് നൽകുന്നതിനുള്ള ആദ്യ ഉല്പന്നമായി തിരഞ്ഞെടുത്തത്. മറ്റ് ഉത്പന്നങ്ങൾക്ക് കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകുന്നതോടെ അവയ്ക്കും കേരളബ്രാൻഡ് നൽകുന്നതായിരിക്കും.
13. സംസ്ഥാനത്തെ ഭൗമസൂചിക (GI) ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചു.

14. പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു . **പദ്ധതികൾ**

1. **മിഷൻ 1000:**

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്കെയിൽ അപ്പ് മിഷൻ പദ്ധതി, (മിഷൻ 1000 പദ്ധതി) ആരംഭിച്ചത്. ഈ പദ്ധതിയിലേക്ക് നിലവിൽ 292 സംരംഭങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ സ്കെയിൽ അപ്പ് പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങളും നൽകുന്നതാണ്:

മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ)

പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)

സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡിപിആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് 1 ലക്ഷം രൂപ വരെ)

സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്ക പ്പെടുന്നതിന് സംരംഭകർക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:

UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം

അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ, കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം

ഉത്പാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം

2. **MSME ഇൻഷുറൻസ് പദ്ധതി:** സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. പ്രീമിയം തുകയുടെ 50 ശതമാനം, പരമാവധി 5000 രൂപ വരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി.

3 **ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP)**

താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ**,** ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 456 തദ്ദേശ സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**4. സംരംഭകസഭ**

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായികേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ നടത്തി വരുന്നു.

**സംരംഭകസഭയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ**

1. ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.
2. സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്കരണം നടത്തുക.
3. സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷുറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവന ദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക.
4. സംരംഭകരിൽ നിന്നും പോളിസി നിർമാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുക.
5. പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുക.

6. സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി, അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുക.
7. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് (LED) പദ്ധതി, മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക.
8. സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (KSEB, മൈനിങ്&ജിയോളജി, ലേബർ, പരിസ്ഥിതി, ICAI, ലീഡ് ബാങ്ക്, സഹകരണബാങ്ക്, മറ്റുബാങ്കുകൾ etc.) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്തുക.
9. K-SWIFT Acknowledgement, UDYAM റജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹെൽപ്ഡെസ്ക് സംവിധാനം രൂപീകരിക്കുക.

സംരംഭകസഭയുടെ ഏകോപനം, അവലോകനം എന്നിവ നടത്തുന്നതിനായി ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**5. സംരംഭക സഹായ പദ്ധതി(ESS)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

**6 ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. 01.04.2022 ന ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം /12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്തു യൂണിറ്റ് പ്രവർത്തന നിരതമായിരിക്കണം.

**7. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട് . ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ വരെയുള്ള യുവ സംരംഭകർ,ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**8 നിലവിലുള്ള എം.എസ്. എം. ഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് സൂക്ഷ്മ സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ളപദ്ധതി**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

ഉത്പാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും SCALE UP MISSION ൽ നിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ -ചെറുകിട - ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. . യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രൊജക്റ്റ് റിപ്പോർട്ട് ആയി തയ്യാറാക്കേണ്ടതും ആയതിന ജില്ലാതല കമ്മിറ്റിയുടെ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക . വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം അനുമതി ലഭിച്ച 4 വർഷ കാലയളവിൽ നടത്തുന്ന വിപുലീകരണ പ്രവർത്തനങ്ങൾ ക്കാണ് പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹത യുള്ളത്. പദ്ധതി പ്രകാരം ഒരു യൂണിറ്റിനു പദ്ധതി നിബന്ധനകൾക്ക് വിധേയം ആയി രണ്ടു കോടി അമ്പത്തി ഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു .

ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

a. വിപുലീകരണ പ്രൊജക്ട് റിപ്പോർട്ട് തയാറാക്കുന്നതിന് ആവശ്യം ആയ ഫീസ് പൂർണ്ണമായും റീ ഇംബേഴ്സ് ആയി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

b. പദ്ധതി പ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.

c. പ്രവർത്തന മൂലധന സഹായം ആയി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു.

**9 <u>തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി(Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)</u>**

2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധി വാസവും പുനരുജ്ജീവനവും", "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ കൾ /കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പി ക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കി ഉത്തരവ് ആയിട്ടുണ്ട്. പദ്ധതി പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തനരഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

**<u>10.മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി</u>**

സംരംഭകൻ മുന്നോട്ട് വെച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റെയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% പരമാവധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സബ്സിഡിയായി നൽകുന്നു.

**11. <u>കേരള വ്യവസായ നയം 2023 പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന സബ്സിഡി പദ്ധതികൾ.</u>**

സാങ്കേതികവിദ്യ അടിസ്ഥാനമായുള്ള നാലാം വ്യവസായ വിപ്ലവത്തിന്റെ (ഇൻഡസ്ട്രി 4.0) ഭാഗമായി നിക്ഷേപവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും സുസ്ഥിരവും പങ്കാളിത്ത സ്വഭാവമുള്ളതുമായ ഒരു വ്യവസായികാന്തരീക്ഷം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വ്യവസായ നയം 2023 പ്രകാരം തെരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകികൊണ്ട് ഒരു ഇൻസെന്റീവ് മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വ്യവസായ നയം 2023 ന്റെ ഭാഗമായി താഴെപ്പറയുന്ന വിവിധ ഇൻസെന്റീവ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

| നം. | ഇൻസെന്റീവ് കാറ്റഗറി | വ്യവസായ ശ്രേണി | വിവരണം |
|---|---|---|---|
| 1 | കുറഞ്ഞ പലിശാ വായ്പകൾ | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭം | 4% പലിശയ്ക്ക് പത്ത് ലക്ഷം രൂപവരെയുള്ള വായ്പകൾ (6% വരെയുള്ള പലിശ സബ് വെൻഷനിലൂടെ) |
| 2 | മൂലധന സബ്സിഡി ഇൻസെന്റീവ് | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭം | മൈക്രോ: 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ<br><br>ചെറുകിട : 45% വരെ, പരമാവധി ഒരു കോടി രൂപ വരെ<br><br>ഇടത്തരം: 45% വരെ, പരമാവധി രണ്ടു കോടി രൂപ വരെ |
| 3 | ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ | സൂക്ഷ്മ-ചെറുകിട- | 100% ഇളവ് ; 5 വർഷത്തേക്ക്. |

| | | | |
|---|---|---|---|
| | | ഇടത്തരം സംരംഭം | |
| 4 | ഐ.പി.ഒ. വഴിയുള്ള ധന സമാഹരണത്തിന് | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭം | NSE, BSE എന്നിവയുടെ SME പ്ലാറ്റ് ഫോം മുഖേന പബ്ലിക് ഇഷ്യൂ നടത്തുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്; പരമാവധി ഒരു കോടി രൂപ വരെ. (ഈ വിധം സമാഹരിക്കുന്ന ഫണ്ട് സംസ്ഥാനത്ത് സംരംഭം തുടങ്ങുന്നതിനോ വികസിപ്പിക്കുന്നതിനോ വിനിയോഗിച്ചാൽ മാത്രം) |
| 5 | നിക്ഷേപ സബ്സിഡി | വൻകിട, മെഗാ സംരംഭങ്ങൾ | സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി; പരമാവധി 10 കോടി രൂപ വരെ, ഘട്ടം ഘട്ടമായി. |
| 6 | എസ്.ജി.എസ്.റ്റി റീ ഇംബേഴ്സമെന്റ് | വൻകിട, മെഗാ സംരംഭങ്ങൾ | മൂലധന നിക്ഷേപത്തിന് 100% റീ ഇംബേഴ്സമെന്റ്; 5 വർഷത്തേക്ക് |
| 7 | തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം | വൻകിട, മെഗാ സംരംഭങ്ങൾ | 50%-ത്തിലധികം സ്ഥിരം തൊഴിലവസരങ്ങൾ പ്രാദേശിക ജനതയിൽ നിന്നും നികത്തപ്പെട്ടാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരാൾക്ക് മാസം 5000 രൂപ എന്ന തോതിൽ, ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇംബേഴ്സ്മെന്റ്<br><br>50%-ത്തിലധികം സ്ഥിരം ജീവനക്കാരും വനിതകളായാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരു വനിതാ ജീവനക്കാരിക്ക് മാസം 5000 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇംബേഴ്സ്മെന്റ്.<br><br>സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരം തൊഴിൽ നൽകിയാൽ, ഒരു ട്രാൻസ് ജെൻഡർ തൊഴിലാളിക്ക് മാസം 7500 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇംബേഴ്സ്മെന്റ്. |
| 8 | നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ | എല്ലാ വിഭാഗങ്ങൾക്കും | സർക്കാർവ്യവസായ പാർക്കുകളിലും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ഭൂമി/കെട്ടിടം വാങ്ങുമ്പോൾ 100% വരെ<br><br>സ്ത്രീകൾ, എസ്.സി/എസ്.റ്റി/ട്രാൻസ് ജെൻഡർ സംരംഭകർക്ക് സംസ്ഥാനത്ത് എവിടെയും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ഭൂമി/കെട്ടിടം വാങ്ങുമ്പോൾ 100% വരെ |
| 9 | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ | എല്ലാ വിഭാഗങ്ങൾക്കും | അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം |
| 10 | വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | പ്രതിവർഷം ഒരു ആഭ്യന്തരവും, ഒരു അന്താരാഷ്ട്രവുമായ മേള/പ്രദർശനത്തിൽ പങ്കെടുക്കുമ്പോൾ സ്റ്റാൾ ചാർജ്ജ് ഇനത്തിൽ ചെലവാകുന്ന തുകയുടെ 100% |

| | | | |
|---|---|---|---|
| | | | റീഇംബേഴ്സ്മെന്റ്; പരമാവധി 5 ലക്ഷം രൂപ വരെ |
| 11 | ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് | എല്ലാ വിഭാഗങ്ങൾക്കും | പേറ്റന്റ്, പകർപ്പവകാശം, വ്യാപാരമുദ്രകൾ, ജി.ഐ. രജിസ്ട്രേഷൻ മുതലായവയ്ക്ക ചിലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്; പരമാവധി 30 ലക്ഷം രൂപ വരെ. |
| 12 | ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സി.ഇ, എഫ്.ഡി.എ., ഐ.എസ്.ഒ., ബി.ഐ.എസ്., തുടങ്ങിയ നിർബന്ധിത അടയാളപ്പെടുത്തലുകൾക്കായി ചെലവഴിച്ച തുകയുടെ 50% റീഫണ്ട്; ഒരു യൂണിറ്റിന് പ്രതിവർഷം പരമാവധി 25ലക്ഷം രൂപ വരെ. |
| 13 | സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുള്ള പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങൾക്കും | പ്ലാന്റ് & മെഷിനറി/ഇ.ടിപി സജ്ജീക്കരിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഗ്രിഡിൽ നിന്നും വൈദ്യുതിയെടുക്കുന്നതിന് ബദലായി സ്ഥാപിക്കുന്ന ഇൻസ്റ്റേഷനുകൾ, മഴവെള്ള സംഭരണം സീറോ ഡിസ്ചാർജ്ജ് സാങ്കേതിക വിദ്യകൾ, ഇ-മാലിന്യങ്ങളുടെ പുനരുപയോഗം, മലിനജലത്തിന്റെ പുനരുപയോഗം, ഊർജ്ജ-ജല സംരക്ഷണത്തിന് ഓഡിറ്റ് നടത്തൽ, സംരക്ഷണത്തിന് വേണ്ട ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ചെലവഴിച്ച തുകയുടെ (സിവിൽ ചെലവുകൾ ഒഴികെയുള്ളവയുടെ) 25% റീഇംബേഴ്സ്മെന്റ്; പോളിസി കാലയളവിൽ പരമാവധി 25 ലക്ഷം രൂപ വരെ. |
| 14 | നിർമ്മാണ മേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്ക് | എല്ലാ വിഭാഗങ്ങൾക്കും | സോഫ്റ്റ് വെയർ (ബിഗ് ഡാറ്റ അനലിറ്റിക് ടൂൾസ്), മെഷിനറി മുതലായവയുടെ വിലയുടെ 20% റീഇംബേഴ്സ്മെന്റ്, പോളിസി കാലയളവിൽ ഒരു സംരംഭത്തിന് പരമാവധി 25 ലക്ഷം രൂപ വരെ. |
| 15 | ഗവേഷണ വികസന പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്ത് സർവ്വകലാശാലകളുമായി ഗവേഷണ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് ഗവേഷണവികസന ചെലവിന്റെ 20% ധനസഹായം; ഒരു സംരംഭത്തിന് പരമാവധി ഒരു കോടി രൂപ വരെ. |
| 16 | സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി. യിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽ അപ്പ് വായ്പകൾ ലഭ്യമാക്കും. |
| 17 | 'മെയ്ഡ് ഇൻ കേരള' (ബ്രാൻഡിംഗും, മാർക്കറ്റിംഗും) | എല്ലാ വിഭാഗങ്ങൾക്കും | 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കു ന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്. |
| 18 | PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ് | നിർമ്മാണ മേഖലയിലെ എല്ലാ വിഭാഗങ്ങൾക്കും | കേന്ദ്ര സർക്കാരിന്റെ PLI സ്കീമുകൾക്ക് കീഴിൽ ഷോർട്ടലിസ്റ്റ് ചെയ്ത നിക്ഷേപകർ സംസ്ഥാനത്ത് തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 1 കോടി രൂപ വരെ ഒറ്റത്തവണ ടോപ്-അപ്പ് ഇൻസെന്റീവ് നൽകുന്നതാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് അർഹമായ മറ്റു സബ്സിഡികൾ കൂടാതെയാണ് ഇപ്രകാരമുള്ള ടോപ്പ്-അപ്പ് ഇൻസെന്റീവ്. |

**12.ഗാല പദ്ധതി**

കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ട് പാർക്ക് എന്നിവ നിലവിലുണ്ട്. കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളിൽ (ഗാല)സ്ഥലം അനുവദിക്കുന്നതിനായി GO(Rt)No.1058/2023/ID Dated:13.10.2023 പ്രകാരമുള്ള റൂൾ നിലവിൽ വന്നിട്ടുണ്ട്. എറണാകുളത്തെ എടയാറിൽ ഒരു ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിൽ പുഴക്കൽ പാടത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിൽ ഉള്ള 141 ഏക്കർ ഭൂമിയിൽ രണ്ട് ഘട്ടങ്ങളിലായി ഏകദേശം 261.530 ചതുരശ്ര അടിയിലുള്ള വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഷൊർണൂരിൽ ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ (3 എണ്ണം) കൊല്ലം (2 എണ്ണം) തൃശ്ശൂർ (2എണ്ണം), കോഴിക്കോട് (1 എണ്ണം) കാസർഗോഡ് (1 എണ്ണം )എന്നീ 5 ജില്ലകളിലായി 9 ബഹുനില സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് രണ്ടു കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

13. **കരകൗശല തൊഴിലാളികൾക്കുള്ള സഹായം ( ആശ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. 30 ശതമാനം തുക വനിത കരകൗശല തൊഴിലാളികൾക്കായി സംവരണം ചെയ്തിരിക്കുന്നു. 2025-26 ബജറ്റിൽ 30 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14 സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി**

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.

കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള Entity (i.e Companies, Co.operatives, charitable societies, partnerships, consortium of MSMEs), Family എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. SDF സ്ഥാപിക്കുന്നതിന് Entity, Familyക്ക് പുറമെ വ്യക്തികൾക്കും കൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ പ്രത്യേകം ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതാണ്. പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് ഈ ഏകജാലക ക്ലിയറൻസ് ബോർഡ് ആണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് Kerala Single Window Clearance Board, Industrial Township Area Development Act 1999 ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് reimbursement ആയിട്ടാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി Ecologically Sensitive Area (ESA), Coastal Regulation Zone (CRZ), Plantation, Kerala Conservation of Paddy Land & Wet Land Act 2008 എന്നീ വിഭാഗത്തിൽപ്പെടുന്നവ ആയിരിക്കരുത്. പ്രസ്തുത എസ്റ്റേറ്റുകളിൽ RED category ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവു ന്നതാണ്.http://pie.industry.kerala.എന്ന വെബ് പോർട്ടൽ മുഖേനയാണ് ഈ പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ജില്ലാതല കമ്മിറ്റി പരിശോധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് അപേക്ഷകൾ സർക്കാർ തലത്തിൽ 7 വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന

ഉന്നതസമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനം എടുക്കുന്നു. ഈ കമ്മിറ്റിയുടെ ചെയർമാൻപ്രിൻസിപ്പൽസെക്രട്ടറിയും (വ്യവസായം) കൺവീനർ വ്യവസായ വാണിജ്യ ഡയറക്ടറുമാണ്. Finance, Revenue, Local Self Government, Water Resources, Power, Environment വകുപ്പുകളിലെ സെക്രട്ടറിമാരാണ് മറ്റ് അംഗങ്ങൾ.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയിൽ താഴെ പറയുന്ന 31 പേർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്.

| Sl No. | PIE Name | District |
|---|---|---|
| 1 | Malabar Enterprises | Malappuram |
| 2 | VMPS Food Parks and Venture LLP | Kannur |
| 3 | Kadambur Industrial Park | Palakkad |
| 4 | Indian Virgin Spices Private Limited | Kottayam |
| 5 | Delta Aggregates and Sand Pvt Ltd | Pathanamthitta |
| 6 | Stance SterilesPvt Ltd | Kottayam |
| 7 | Jacob and Richard International Pvt Ltd | Kottayam |
| 8 | Pathanamthitta Industrial promotions Private Limited | Pathanamthitta |
| 9 | Hi Tech Industrial park | Palakkad |
| 10 | Featherlike foam Pvt Ltd | Palakkad |
| 11 | Classy Industrial Park | Malappuram |
| 12 | Tuffoplyn Resins India Private Limited | Ernakulam |
| 13 | ZehubTechnopark Private Limited | Kollam |
| 14 | Ozone Granites Private Limited | Ernakulam |
| 15 | Mout park Industrial Estate Pvt Ltd | Kozhikkode |
| 16 | Haritha | Kannur |
| 17 | PK Industries | Malappuram |
| 18 | K Board Panel Pvt Ltd | Kottayam |
| 19 | K Board wood Industries Pvt Ltd | Kottayam |
| 20 | K Board Rubber Factory Private Ltd | Kottayam |
| 21 | KarikkadDevswom | Malapppuram |
| 22 | Woodon MDF Panel Pvt Ltd | Idukki |
| 23 | Ponnor Enterprises LLP | Thrissur |
| 24 | AvigneJeya Private Limited | Ernakulam |
| 25 | Yousuf Malabar Industrial Park LLP | Malappuram |
| 26 | TrichurTechnoparkPvt Ltd | Thrissur |
| 27 | Faya Renewables and Power Pvt Ltd | Kasargod |
| 28 | Al Ameen Group | Thiruvananthapuram |
| 29 | Cambria Edu Ventures LLP | Malappuram |
| 30 | DM Green Farm LLP | Kannur |
| 31 | Keral Small Scale Industrial Park Pvt Ltd | Thrissur |

**15.ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

വ്യവസായ ആവശ്യത്തിനായുള്ള സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി

| | | | |
|---|---|---|---|
| | | | മാർഗ്ഗരേഖ സ.ഉ.(കൈ).നമ്പർ16/2024/ID തീയതി 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ആവിഷ്കരിക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്.കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ്& സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ മുതലായവയ്ക്ക് ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യം. 30വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. |
| (സി) | തുടങ്ങിയ സംരംഭങ്ങളിൽ മുടങ്ങിപ്പോയവ ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | പുതുതായി രൂപീകരിച്ച സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്. എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാർ എല്ലാ സംരംഭങ്ങളും സന്ദർശിക്കുകയും ഡാറ്റാ കളക്ഷൻ നടത്തുകയും ചെയ്യുന്നുണ്ട്. തുടങ്ങി ആദ്യ വർഷം തന്നെ പൂട്ടിപ്പോകുന്ന സംരംഭങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ ദേശീയ ശരാശരിയായ 30%-ത്തെ അപേക്ഷിച്ച് കേരളത്തിൽ ഇത് 15% മാത്രമാണ് എന്ന് ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തന നില, നേരിടുന്ന വെല്ലുവിളികൾ/പ്രശ്നങ്ങൾ, അടച്ചു പൂട്ടാനുള്ള കാരണങ്ങൾ, പ്രവർത്തനരഹിതമായ യൂണിറ്റുകൾക്കുള്ള പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ, ആവശ്യമായ സഹായം/മറ്റ് പ്രത്യേക ആവശ്യങ്ങൾ എന്നീ വിവരങ്ങൾ സർവേ വഴി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംരംഭകർക്ക് വേണ്ടി പ്രത്യേക കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ, എം.എസ്.എം.ഇ ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ മുതലായവ സംഘടിപ്പിച്ചു വരുന്നു. ധനകാര്യം, വിപണനം, സാങ്കേതികവിദ്യ, ലൈസൻസിംഗ്, ജി.എസ്.ടി രജിസ്ട്രേഷൻ, വ്യവസായ സാധ്യതകൾ, ക്ലസ്റ്റർ വികസനത്തിനുള്ള സാധ്യതകൾ, പുതിയതും നൂതനവുമായ ബിസിനസ് ആശയങ്ങൾ മുതലായവയെക്കുറിച്ചുള്ള ക്ലാസുകൾ ഉൾപ്പെടുന്ന ജനറൽ ഓറിയെന്റേഷൻ പരിശീലനങ്ങളുടെ റിഫ്രഷർ സെഷനുകളും നടത്തുന്നുണ്ട്. |
| (ഡി) | ഈ സംരംഭങ്ങൾക്ക് മൊത്തമായി ചെലവഴിച്ച തുക എത്രയാണെന്നും അതിൽ സർക്കാരിന്റെ വിഹിതം എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ നാലു വർഷക്കാലമായി ആരംഭിച്ച ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾക്ക് ചെലവഴിച്ച തുക കണക്കാക്കിയിട്ടില്ല. ഈ സംരംഭങ്ങളുടെ പദ്ധതി ചെലവിൽ സർക്കാർ വിഹിതം ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ